## സർവ്വെ കണ്ടെത്തലുകൾ

- കേരളത്തിലെ ആകെ 4754 സിമന്റ് ബ്രിക്സ് നിർമ്മാണ യൂണിറ്റുകളിൽ ഏറ്റവും കൂടുതൽ സ്ഥാപനങ്ങൾ ഉള്ളത് എറണാകുളം ജില്ലയിലും (688എണ്ണം) ഏറ്റവും കുറവ് കാസറഗോഡ് ജില്ലയിലുമാണ്.
- പഞ്ചായത്തുകളിൽ ഏറ്റവും കൂടുതൽ സ്ഥാപനങ്ങൾ പ്രവർത്തിച്ച് കാണപ്പെട്ടത് എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്കിലെ വെങ്ങോല പഞ്ചായത്തിലും (73 units) കിഴക്കമ്പലം പഞ്ചായത്തിലുമാണ് (54 units). ബ്ലോക്ക് പഞ്ചായത്തുകളിൽ ഏറ്റവും കൂടുതൽ സ്ഥാപനങ്ങൾ പ്രവർത്തിച്ച് കാണപ്പെട്ടത് എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്കിലും (224 units) തുടർന്ന് കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്കിലുമാണ് (74 units).
- കേരളത്തിൽ ഏറ്റവും കൂടുതൽ സ്ഥാപനങ്ങളുള്ള മുനിസിപ്പാലിറ്റി തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയും കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ മുനിസിപ്പാലിറ്റിയുമാണ് (13 എണ്ണം വീതം). കോർപ്പറേഷനുകളിൽ ഏറ്റവും കൂടുതൽ സ്ഥാപനങ്ങൾ ഉള്ളത് തിരുവനന്തപുരം കോർപ്പറേഷനിലും (61 units) തുടർന്ന് കോഴിക്കോട് കോർപ്പറേഷനിലുമാണ് (36 units).
- കേരളത്തിലെ ആകെ സ്ഥാപനങ്ങളിൽ 88.3% ഉം സ്വകാര്യ ഉടമസ്ഥതയിലുള്ളതും 9.3% പങ്കാളിത്തത്തോടുകൂടി പ്രവർത്തിക്കുന്നവയുമാണ്.
- കേരളത്തിൽ ആകെ പ്രവർത്തിക്കുന്ന സിമന്റ് ബ്രിക്സ് നിർമ്മാണ യൂണിറ്റുകളിൽ 3.3% സ്ഥാപനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് നേടാത്തവയോ/ പുതുക്കാത്തവയോ ആണ്. കൂടാതെ 6.4% സ്ഥാപനങ്ങൾ മലിനീകരണ നിയന്ത്രണബോർഡ്, ഫയർ & സേഫ്റ്റി വകുപ്പ്, തൊഴിൽ വകുപ്പ് എന്നിവയിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രമോ/ അനുമതിയോ നേടാതെ പ്രവർത്തിക്കുന്നവയുമാണ്.
- കേരളത്തിലെ 1.3% സ്ഥാപനങ്ങൾ അവരുടെ സ്ഥാപനത്തിലെ തൊഴിലാളികൾക്ക് ഇ.എസ്ഐ ആനുകൂല്യവും 0.8% സ്ഥാപനങ്ങൾ ഇപിഎഫ് ആനുകൂല്യവും നൽകുന്നുണ്ട്.
- ഏകദേശം 61% സ്ഥാപനങ്ങൾ അസംസ്കൃത വസ്തുക്കളുടെ നിരന്തരമായ വിലക്കയറ്റം മൂലവും, 55% സ്ഥാപനങ്ങൾ സാമ്പത്തികപരമായ വിഷയങ്ങളാലും ബുദ്ധിമുട്ടുകൾ നേരിട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പാറപ്പൊടി, പാറചിപ്സ് എന്നിവ ഒഴികെയുള്ള അസംസ്കൃത വസ്തുക്കൾക്ക് കാര്യമായ ക്ഷാമം നേരിട്ടിട്ടില്ല.
- സർവ്വെ നടത്തിയ ആകെ 4754 സ്ഥാപനങ്ങളിൽ 3970 എണ്ണവും 2015-16 കാലയളവിൽ സിമന്റ് ബ്രിക്സ് മാത്രം ഉല്പാദിപ്പിച്ചവയാണ്. ഈ കാലയളവിൽ ഏകദേശം 519.77 മില്യൺ സിമന്റ് ബ്രിക്സുകൾ ഇവയിൽ നിന്നും നിർമ്മിച്ചിട്ടുണ്ട്.

- സ്ഥാപന ഉടമകളായ പുരുഷൻമാരിൽ 65% ഉം, സ്ത്രീകളിൽ 20% സ്വന്തം സ്ഥാപനത്തിലെ തന്നെ ജീവനക്കാർ കൂടിയാണ്. ഇവർ തമ്മിലുള്ള അനുപാതം ഏറ്റവും കൂടുതലായി കാണപ്പെട്ടത് ഇടുക്കി ജില്ലയിലാണ്.
- ഈ മേഖലയിലെ 2015-16 കാലയളവിലെ തദ്ദേശ തൊഴിലാളികളുടെയും അന്യ സംസ്ഥാന തൊഴിലാളികളുടെയും തൊഴിൽ ദിനങ്ങൾ തമ്മിലുള്ള അനുപാതം 20: 80ആണ്.
- പുരുഷ തൊഴിലാളികളിൽ തൊഴിൽ വിദഗ്ധരായ 79% പേരും, അവിദഗ്ധരായ 88% പേരും അന്യ സംസ്ഥാന തൊഴിലാളികളാണ്.
- 2015-16 കാലയളവിൽ ഏറ്റവും കൂടുതൽ തൊഴിൽ ദിനങ്ങൾ (37.4%) ജോലി ചെയ്തത് വെസ്റ്റ്ബംഗാളിൽ നിന്നുമുള്ള തൊഴിലാളികളാണ്. രണ്ടാമതായി ആസ്സാം, ബീഹാർ എന്നീ സംസ്ഥാനങ്ങളിൽ നിന്നുമുള്ള തൊഴിലാളികളാണ്. (ഏകദേശം 22% വീതം).
- 2015-16 കാലയളവിൽ കേരളത്തിലെ 29 സ്ഥാപനങ്ങളിൽ അതായത് 1% ത്തിൽ താഴെ മാത്രം സ്ഥാപനങ്ങളിലാണ് സെക്യൂരിറ്റിയെ നിയമിച്ചിട്ടുള്ളത്.
- 2015-16 ൽ സ്ഥാപനങ്ങളുടെ ആകെ ചെലവിന്റെ 74% ഉം അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനും 16% തൊഴിലാളികളുടെ വേതനം (എല്ലാ ആനുകൂല്യങ്ങളും ഉൾപ്പെടെ) നൽകുന്നതിനുമാണ് ചെലവാക്കിയിട്ടുള്ളത്.
- സംസ്ഥാനത്തെ എല്ലാ സ്ഥാപനങ്ങളുടെയും കൂടിയുള്ള 2016 ഒക്ടോബർ മാസത്തിലെയും 2015-16 വർഷത്തിലെയും ആകെ വരുമാനം യഥാക്രമം 1.44 ബില്ല്യൺ രൂപയും 15 ബില്ല്യൺ രൂപയുമാണ്.
- കേരളത്തിലെ 2340 സ്ഥാപനങ്ങൾ അവയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി ഒന്നോ അതിലധികമോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുണ്ട്.
- വായ്പ എടുത്തിട്ടുള്ള എല്ലാ യൂണിറ്റുകളുടെയും കൂടി നിലവിലുള്ള കട ബാദ്ധ്യത ഏകദേശം 1.75 ബില്ല്യൺ രൂപയാണ്.